(ബി) ഹൈക്കോടതിയിലെ ഏറ്റവും കാലപ്പഴക്കമുള്ള കേസ് 1984-ൽ ഫയൽ ചെയ്തതാണ്.

(സി) 31-5-2005-ലെ കണക്ക് പ്രകാരം ജില്ലാ, സെഷൻസ് കോടതികളിൽ 23371 സിവിൽ കേസുകളും 21739 ക്രിമിനൽ കേസുകളും ഉൾപ്പെടെ 45110 കേസുകളും സബ് കോടതികളിൽ 71366 സിവിൽ കേസുകളും 17067 ക്രിമിനൽ കേസുകളും ഉൾപ്പെടെ മൊത്തം 88433 കേസുകളും തീർപ്പുകൽപ്പിക്കാത്തതായി കിടക്കുന്നു.

(ഡി) ജില്ലാ സെഷൻസ് കോടതി/ സബ് കോടതിയുടെ മുൻപാകെയുള്ള ഏറ്റവും കാലപ്പഴക്കമുള്ള കേസ് 1961-ലേതാണ്.

(ഇ) ജില്ലാ സെഷൻസ് കോടതികളും സബ് കോടതികളും ഒഴികെ സബോർഡിനേറ്റ് ജുഡീഷ്യറിയുടെകീഴിലുള്ള എല്ലാ കോടതികളിലുമായി 31-5-2005-ൽ 7,32,415 കേസുകൾ തീർപ്പുകൽപ്പിക്കാത്തതായിട്ടുണ്ട്.

മഞ്ചേശ്വരത്ത് ഒരു മുൻസിഫ് കോടതി സ്ഥാപിക്കാൻ നടപടി

187 [3157] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരത്ത് ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ് ഇപ്പോൾ പ്രവർത്തിക്കുന്ന അഡീഷണൽ മുൻസിഫ് കോടതി മുൻസിഫ്---മജിസ്ട്രേറ്റ് കോടതിയാക്കുന്നതിന് ഹൈക്കോടതി നിർദ്ദേശമുള്ളതിനാലും അങ്ങനെ വരുമ്പോൾ മഞ്ചേശ്വരത്തും പരിസരത്തും ഉള്ള ഗ്രാമപ്രദേശങ്ങൾ ടി കോടതിയുടെ അധികാരപരിധിയിൽ വരുമെന്നുള്ളതിനാലും മഞ്ചേശ്വരത്ത് ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നത് പ്രായോഗികമല്ല എന്ന് ഹൈക്കോടതി അറിയിച്ചിട്ടുണ്ട്.

ഫയർ സർവ്വീസ് ജീവനക്കാർക്ക് അപകട സഹായപദ്ധതി

188 [3158] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഫയർ സർവ്വീസിലെ ജീവനക്കാർ ജോലി സമയത്ത് അപകടത്തിൽപ്പെട്ടാൽ അവർക്ക് എന്തെങ്കിലും തരത്തിലുള്ള സഹായപദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കാ[illegible]

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

രക്ഷാപ്രവർത്തനവേളയിൽ അപകടത്തിൽപ്പെടുന്ന ഫയർ സർവ്വീസ് ജീവനക്കാർക്ക് ചികിത്സ പ്രൈവറ്റ്/സ്പെഷ്യലൈസ്ഡ് ആശുപത്രിയിലാണെങ്കിൽ പ്പോലും, പ്രസ്തുത തുക റീഇംപേഴ്സ്മെന്റ് ചെയ്യുന്നതിന് 28-3-2005-ലെ ജി. ഒ. (ആർടി.) നം. 908/2005/ ആരോഗ്യ കുടുംബക്ഷേമ വകുപ്പുപ്രകാരം ഉത്തരവാ യിട്ടുണ്ട്. എന്നാൽ രക്ഷാപ്രവർത്തനവേളയിൽ മരണപ്പെടുകയാണെങ്കിൽ ഫയർ സർവ്വീസിലെ ജീവനക്കാർക്ക് പ്രത്യേകമായി സഹായ പദ്ധതികളൊന്നും നിലവിലില്ല. മറ്റു സർക്കാർ ജീവനക്കാർക്ക് ലഭ്യമാകുന്നതുപോലെ ഒന്നരലക്ഷം രൂപ ആശ്രിതർക്ക് ധനസഹായമായി ലഭിക്കുന്നുണ്ട്.

മല്ലപ്പള്ളി ഫയർ സ്റ്റേഷൻ

189 [3159] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളിയിൽ പുതുതായി അനുവദിച്ച ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(ബി) ഇക്കാര്യത്തിൽ കാലവിളംബം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) സ്ഥലപരിശോധനയ്ക്കായി എത്താൻ മൂന്നുതവണ പത്തനംതിട്ട ജില്ലാ ഓഫീസറോട് ആവശ്യപ്പെട്ടിട്ടും എത്താത്തതിനെക്കുറിച്ച് വിശദീകരണം ആരായുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനായി തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ 8-ാമതായി മല്ലപ്പള്ളി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മല്ലപ്പള്ളിയിൽ ഫയർ സ്റ്റേഷൻ തുറക്കുന്നതിന് അനുയോജ്യമായ സ്ഥലവും കെട്ടിവും ലഭിക്കാത്തതാണ് കാലവിളംബത്തിന് കാരണം.

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly